# വിത്തധികാരം കർഷകന്

ആശഹരി

വിത്തിനധികാരിയാരാണ്, കർഷകനോ കൃഷിവകുപ്പോ? തങ്ങൾക്കാണ് കൃഷിയുടെ കുത്തകാധികാരം എന്നുദ്ഘോഷിച്ചുകൊണ്ട്, വിത്തത്രയും കുത്തിക്കൊണ്ടിരിക്കുകയും, കൃഷിയുടെപേരിൽ കോടികൾ തുലച്ച് അനാവശ്യ പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്ന കൃഷിവകുപ്പ് എന്ന വെള്ളാന കേരളത്തിലെ കൃഷിയെ നഗരത്തിൽനിന്നും നാശത്തിലേക്കുമാത്രം കൂപ്പുകുത്തിച്ച ഒന്നാണ്. വിത്തും മണ്ണും നശിപ്പിച്ച്, വായുവിലും ജലത്തിലും ആഹാരത്തിലും വിഷം കലർത്തി, കേരളീയരെ മാരകരോഗങ്ങൾക്കടിമകളാക്കിയ, ഇന്നും കൃഷി എന്നു പറഞ്ഞാൽ എന്താണെന്നറിയാത്ത പഠിക്കാത്ത ഒരു വകുപ്പ്. മോൺസാന്റോയ്ക്കും മഹികോയ്ക്കും കീടനാശിനി എന്ന ഓമനപ്പേരിലുള്ള വിഷവ്യാപാരികൾക്കും ഒത്തുപണിചെയ്യുന്നവർ കൃഷി നശിപ്പിച്ചില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

കരകൃഷിയെ മുച്ചൂടും മുടിച്ച ഇവർ കൈയ്പാടുനിലങ്ങളിലേക്കാണിപ്പോൾ നാശകണ്ണുതുറന്നുവച്ചിരിക്കുന്നത്. കർഷകരിൽനിന്നും നാടൻവിത്തത്രയും സംഭരിച്ച്, തലതിരിഞ്ഞ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇവർ കണ്ണൂർ ജില്ലയിലെ ഏഴോത്തും കണ്ണപുരത്തും അതിനും പിറകെ, നീങ്ങാതിരുപ്പുകൾക്കൊടുവിൽ കൃഷിയിറക്കുന്ന കാട്ടാമ്പള്ളി പാഠശേഖരങ്ങളിലും തങ്ങളുടെ വിത്തുകൾ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ഒരു താക്കീതായാണ് കണ്ണൂർ ജില്ലാപരിസ്ഥിതി സമിതി 'വിത്തുസംരക്ഷണാധികാരയാത്ര' നടത്തിയത്.

ഞങ്ങളീയാത്രയ്ക്കൊരുങ്ങാൻ പ്രധാനകാരണം, കൃഷിവകുപ്പ് വൈറ്റില - 6 എന്ന പരീക്ഷണവിത്ത് കാട്ടാമ്പള്ളിയിലേയ്ക്ക് ശുപാർശ ചെയ്ത്, സൗജന്യമായിത്തന്നെ അതു വിതരണം ചെയ്തതാണ്. സങ്കരവിത്തെന്നാൽ ചതിമാത്രമാണ്. ആദ്യവർഷമാത്രം അൽപം വിളവുലഭിച്ചശേഷം പിന്നീട് ടൺ കണക്കിനു വിഷം വാരിവിതറിയാലും നഷ്ടം മാത്രം വന്ന്, കർഷകരെ ആത്മഹത്യയിലേക്കും; കൃഷി നഷ്ടമാണെന്നു പറഞ്ഞ് പാടങ്ങൾ നികത്തുന്നതിലേക്കും വിൽക്കുന്നതിലേക്കും നയിക്കുന്ന ചതി. നൂറുകണക്കിനു വർഷങ്ങൾ കൃഷിചെയ്തിട്ടും മേനി അൽപംപോലും കുറയാത്ത, ഓർക്കയമ, ഓർത്തടിയൻ, കുതിര് തുടങ്ങിയ വിത്തുകൾ ഉണ്ടായിട്ടും, നാൽപത്തിമൂന്നു വർഷങ്ങൾക്കുശേഷം കൃഷി നടക്കുന്ന ഒരു പാടത്തിലേക്ക് എന്തിനവർ വൈറ്റില - 6 ശുപാർശ ചെയ്തു? ഈ സങ്കരസന്തതിക്ക് തുടക്കത്തിൽ ഏക്കറിനു 10 -12 ക്വിന്റൽ വിളവുലഭിക്കുമെങ്കിൽ നാടൻവിത്തുകൾക്ക് എത്രവർഷം കൃഷിചെയ്താലും ചുരുങ്ങിയത് 12 ക്വിന്റൽ വിളവുലഭിക്കും കാലാവസ്ഥ അനുകൂലമെങ്കിൽ ഇത് 16 - 25 ക്വിന്റൽ വരെയാകും. ഒപ്പം വൈക്കോലഴുകിയ,രാസവിഷങ്ങൾ തൊട്ടുതീണ്ടാത്ത വയലുകളിൽ സമൃദ്ധമായി വിളയുന്ന ചെമ്മീനും മറ്റു മത്സ്യങ്ങളും നെല്ലിന്റെ ഇരട്ടി ലാഭം കൊയ്യാൻ കർഷകരെ സഹായിക്കും. രാസവളം തൊട്ടുതീണ്ടുന്നനിമിഷം മത്സ്യസമ്പത്താകെയും അപ്രത്യക്ഷമാവുകയും ചെയ്യും. സുസ്ഥിരമായ ഈ ജൈവമേഖലയെയും തകർത്ത്, വൻ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാക്കാൻ മാത്രം സഹായിക്കുന്ന ഒന്നാണ് കയ്പാടു നിലങ്ങളിലെ വിത്തുപരീക്ഷണങ്ങൾ.

43 വർഷങ്ങൾക്കു ശേഷം കൃഷി പുനരാരംഭിച്ചപ്പോൾ കാട്ടാമ്പള്ളിക്കാരുടെ വിത്തത്രയും കുത്തിപ്പോയിരുന്നു. കൃഷിവകുപ്പിന്റെ സൗജന്യത്തിലവർ മയങ്ങിയാലത്ഭുതമില്ല. ഈ സാഹചര്യത്തിലാണ് അവിടത്തെ കൃഷിക്കാരെ കൃത്രിമവിത്തുകളെപ്പറ്റി ബോധവത്ക്കരിക്കുക, അവർക്കാവശ്യമായ നാടൻ വിത്തുകൾ എത്തിക്കുക എന്നീ ചുമതലകൾ ജില്ലാപരിസ്ഥിതി സമിതി ഏറ്റെടുത്തത്. ചീത്തവിത്തുനൽകി, കൃഷി നഷ്ടമാണെന്നു വരുത്തിത്തീർത്ത്, വീണ്ടും ഷട്ടറുകൾ അടച്ചിട്ട്, ആയിരക്കണക്കിനേക്കറുകൾ ഭൂമാഫിയകൾക്കു തീറെഴുതിക്കൊടുക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമല്ലെ ഈ സങ്കരവിത്തുവിതരണം എന്നും ഞങ്ങൾ ആശങ്കിക്കുന്നുണ്ട്.

വിത്തെവിടെ കിട്ടും? കൃഷിക്കാരാവശ്യപ്പെട്ടത് ഓർക്കയമ എന്ന അതീവ സ്വാദുള്ള അരിതരുന്നവിത്തായിരുന്നു. പലയിടത്തും അന്വേഷിച്ചൊടുവിൽ കണ്ണപുരത്തെ വി.സി. വിജയൻമാഷ്, പെറുകുന്നിൽ വിത്തുബാക്കിയായിട്ടുണ്ട് എന്നറിയിച്ചു. ഈ അന്വേഷണത്തിൽ രാമന്തളിയിലെ പ്രഭാകരൻ മാഷ് ഞങ്ങളെ സഹായിച്ചു. ചെറുകുന്ന് കൊയ്യപ്പുറത്തെ നടുവിലക്കണ്ടി ഉമ്മർ എന്ന കൃഷിക്കാരൻ ഒന്നരക്വിന്റൽ വിത്താണ് ഞങ്ങൾക്ക് കൈമാറിയത് നാട്ടുകാർക്കിടയിൽ ഞങ്ങൾ സങ്കരവിത്തിനെതിരെ നല്ല പ്രചാരണം നടത്തിയതിനാൽ കൃഷിവകുപ്പും ഉമ്മറി

ക്കയിൽ നിന്നും 6 ക്വിന്റൽ വിത്തു ശേഖരിച്ചത്രെ. എന്നാൽ ഇതിൽ ചെറിയ ഒരു പങ്കുമാത്രമേ അവർ വിതരണം ചെയ്തുള്ളു. ബാക്കി വിത്ത് എവിടെപ്പോയി? അന്വേഷിക്കേണ്ട വസ്തുതയാണ്.

നടുവിലക്കണ്ടി ഉമ്മർ ഒരത്ഭുത മനുഷ്യനാണ്. സ്വന്തമായി ഒരിഞ്ചു പോലും വയൽ ഇദ്ദേഹത്തിനില്ല, സ്ഥലം പാട്ടെടുത്തിനാണ് കൃഷി. അതിലനാൽ മത്സ്യം ഇയാൾക്കു ലഭിക്കില്ലത്രെ- എങ്കിലും രണ്ടരയേക്കർ സ്ഥലത്തുനിന്നും 30 - 40 ക്വിന്റൽ നെല്ലുണ്ടാക്കാൻ ഇദ്ദേഹത്തിനാകുന്നുണ്ട്. കൃഷിയറിവുകളുടെ ഒരു കലവറ കൂടിയാണീ മനുഷ്യൻ. എന്തിനി സാഹസം ചെയ്യുന്നു എന്ന് ചോദിച്ചപ്പോൾ വിഷം തീണ്ടാത്ത രുചിയുള്ള ചോറുണ്ട് ജീവിക്കാം കുറേ ആൾക്കാർക്ക് ആഹാരം നൽകുകയും ചെയ്യാം എന്നാണദ്ദേഹം മറുപടി പറഞ്ഞത്. ഞങ്ങൾക്കദ്ദേഹം നേരിട്ട് വിത്തു തന്നതും കൃഷി വകുപ്പ് ചോദ്യം ചെയ്തത്രെ - കൃഷിക്കാരനൊരാൾ? സ്വന്തം വിത്ത് എന്തു ചെയ്യണം എന്നു തീരുമാനിക്കാനുള്ളയവകാശവും കൃഷിക്കാകനില്ലേ?

ഉമ്മറിക്കയിൽനിന്നും ഒന്നരക്വിന്റൽ വിത്തുലഭിച്ചതോടെ കാട്ടാമ്പള്ളിയിൽ നാടൻ വിത്ത് എത്തിക്കുക എലന്ന ഞങ്ങളുടെ യാഗ്രഹം സഫലമായി. കേരളത്തിലെ, കൃഷിയെ സ്നേഹിക്കുന്ന എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായരീതിയിൽ ഈ വിത്തുകൈമാറ്റം നടത്താനാണ് വിചാരിച്ചതെങ്കിലും, മഴ നേരത്തെ എത്തിയതിനാൽ പെട്ടെന്നുതന്നെ വിത്തെത്തിക്കേണ്ടിവന്നു. കഴിഞ്ഞ മെയ് - 23 നു രാവിലെ കൊവ്വപുറത്തുനിന്നും അലങ്കരിച്ച വാഹനത്തിലേക്ക് വിത്ത് ഏറ്റുവാങ്ങി, നാടായ നാടത്രയും ചുറ്റി, പലയിടത്തും ഏങ്ങ വിത്തുകൾക്കെതിരെ പ്രചാരണം നടത്തി. വൈകുന്നേരം 4 മണിക്ക് കടാങ്കോട് എത്തിച്ചേർന്നു. ഞങ്ങളുടെ യാത്രക്ക് ഉത്സാഹം പകരാൻ ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റെ പ്രതിനിധിയായി ഞങ്ങളുടെ പ്രിയ അനുജൻ രജനീഷ് എത്തിയിരുന്നു. ഞങ്ങൾ ശേഖരിച്ച നാടൻ മാവിൻ വിത്തുകൾ ചാലക്കുടിയിൽ എത്തിക്കാൻ കൂടിയായിരുന്നു അവൻ വന്നത്.

കടങ്കോട് വച്ച് വിത്ത് ഏറ്റുവാങ്ങിയത്; കർഷകന്റെ മകനായി ജനിച്ച്, കർഷകനായി ജീവിച്ച് കർഷകനായിത്തന്നെ മരിക്കണം എന്ന ശാഠ്യമുള്ള, ഉദ്യോഗസ്ഥരായ മക്കളെയൊക്കെ ലീവെടുപ്പിച്ച് വയലിലിറക്കുന്ന, 43 വർഷം സമരം ചെയ്തിട്ടും തളരാത്ത കുഞ്ഞിമാമു മാസ്റ്ററാണ്. ഈ വിത്തുയാത്രയ്ക്കുവേണ്ട എല്ലാം സഹായവും നൽകിയതും അദ്ദേഹമാണ്.

ഇപ്രാവശ്യം 300 - ലേറെ ഏക്കർ സ്ഥലത്ത് കൃഷിയിറക്കുന്നുണ്ട്. ഓർക്കയമ, കുതിര് വിത്തുകൾക്കൊപ്പം കുറെ, സ്ഥലത്ത് സൗജന്യ വൈറ്റില - 6 വിത്തും വിതയ്ക്കുന്നുണ്ട്. അടുത്ത വർഷം വിത്തിന്റെ പ്രതിസന്ധി തുരത്തിയോടിക്കാൻ പറ്റിയേക്കും- കർഷകരെ കുറെകൂടി ബോധവത്കരിക്കേണ്ടിവരുമതിന്.

വിത്തു വിതയുത്സവത്തിലും പങ്കെടുക്കാൻ ഞങ്ങൾക്കു ഭാഗ്യമുണ്ടായി. പൊറ്റ എന്നും കുതിര് എന്നും മറ്റും വിളിക്കുന്ന മൺകൂനകൾ തപ്പാറായി കഴിഞ്ഞു.. കുറെക്കൂടി വലിയ പൊറ്റകൾ ഉണ്ടാക്കി, ഭൂരിഭാഗം വിത്തും അതിൽ വിതയ്ക്കാനും ഒരു 'റിസർവ്വ്' എന്ന നിലയിൽ മാത്രം അൽപം വിത്ത് കരയിൽ പാകി തൈകളുണ്ടാക്കാനും കൊപ്പപ്പുറത്തെ ഉമ്മറിക്ക കർഷകരെ ഉപദേശിച്ചു. ഒരു മുറം വിത്ത് വാരിവിതയ്ക്കാനുള്ള ഭാഗ്യം എനിക്കുമുണ്ടായി. കൃഷി എന്നാൽ ഇത്രയേറെ ആനന്ദം പകരുന്ന ഒരു കാര്യമായിട്ടും എന്തെ മനുഷ്യർ കൃഷിയിൽനിന്നകലുന്നു? മനസ്സിലാക്കാനാകാത്ത ഒരു കാര്യമാണിത്...

നിലം ശരിയാക്കിയതു കാണാനും വിതയ്ക്കുന്നതുകാണാനും അത് റിക്കാർഡ് ചെയ്യാനും മറ്റുമായി തിരുവനന്തപുരത്തുനിന്നും വിദഗ്ധർ വന്നിരുന്നു. എന്താണാവോ അവരുടെ ഉദ്ദേശ്യം?

ഞാറ്റടികൾ ശരിയായാൽ, പിന്നെ ഒന്നു കൊത്തിയിട്ടാൽ മതിയത്രെ. ശരിക്കു വീഴാത്തവ എടുത്തു നടാനും തീരെ കുറഞ്ഞ സ്ഥലത്ത് കരയിൽനിന്നും പറിച്ചുനടാനും ആൾക്കാർ വേണം. അതു കഴിഞ്ഞാൽ പിന്നെ കൊയ്യാൻ തയ്യാറായി കൃഷിയിടത്തിൽ ചെന്നാൽമതി. അത്രയേ അദ്ധ്വാനമുള്ളു കൈയ്പാട് കൃഷിക്ക്

കാട്ടാമ്പള്ളിയിലെ പാടങ്ങളിൽ നൂറുമേനി വിളയട്ടെ എന്ന് എല്ലാവർക്കും പ്രാർത്ഥിക്കാം. ഒരിക്കലുമാഷട്ടറുകൾ ഇനി അടയാനിടയാവരുത്. അതിനായി ഓരോ കേരളീയനും ഒരു കാർഷികമനസ്സ് തിരിച്ചെടുക്കേണ്ടതുണ്ട്. സ്വന്തം മണ്ണിലേക്കിറങ്ങിയേ തീരൂ. പരമാവധി നാടൻ വിത്തുകൾ പറമ്പിലും പാടത്തും കൃഷി ചെയ്ത്, വിത്തിനും വിളയ്ക്കുമധികാരി കർഷകൻ മാത്രമാണെന്ന്, ഇതു തട്ടിയെടുക്കാൻ വരുന്നവരോട് ഉറക്കെ പറഞ്ഞുകൊണ്ട് നമുക്കെല്ലാവർക്കും ചേർന്ന് മഹത്തായ ഈ സമരം വിജയത്തിലെത്തിക്കാം. രോഗങ്ങൾക്കും പട്ടിണിക്കും അടിമത്തത്തിനും എതിരായ മഹത്തായ ഒരു സമരം തന്നെയാണിത്.

*സി.കെ ഹൗസ്, മാമ്പ പി.ഒ., കണ്ണൂർ*

*With best compliments from*

CENTRE FOR POST GRADUATE STUDIES

P.G. Centre

North Bus Stand, Thrissur-20.

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com